# ദനഹാക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

യോഹ 1,1-28

> “യോഹന്നാൻ “സ്നാനം” നൽകുന്നവൻ മാത്രമല്ല.
> മറിച്ച്, “സാക്ഷ്യം” നൽകുന്നവൻ കൂടിയാണ്.
> അവൻ നൽകിയ സാക്ഷ്യം ക്രിസ്തുവിനെ കുറിച്ച് മാത്രമല്ല.
> മറിച്ച്, ജീവിതം എന്താകണം, എങ്ങനെയാകണം എന്നതിനുകൂടി
> സാക്ഷ്യം നൽകിയവനാണ് യോഹന്നാൻ! ”

വരാനിരിക്കുന്ന മിശിഹായെ കുറിച്ചുള്ള പ്രതീക്ഷകൾക്ക് യഹൂദരുടെ മനസ്സിൽ ചിറക് മുളച്ചിരുന്ന കാലം. കഴിഞ്ഞ നാൽപത് പതിറ്റാണ്ടായി ഇസ്രായേൽ സമൂഹത്തിൽ പ്രവാചക ശബ്ദം മുഴങ്ങി കേട്ടിട്ട്. ആ യഹൂദ ജനത്തിന്റെ ഇടയിലാണ് ഇടിമുഴക്കം പോലെ സ്നാപകൻ തന്റെ ജീവിതം ആരംഭിക്കുന്നത്. യോഹന്നാൻ പങ്കുവച്ച വചനത്തിന്റെ മാധുര്യം നുകർന്ന്, തേനീച്ചകൾ തേനിന്ന് ചുറ്റും പാറിപറക്കുന്നതുപോലെ, ജനക്കൂട്ടം യോഹന്നാന് ചുറ്റും ഓടികൂടുന്നു. സ്നാപകന്റെ ജീവിതം കണ്ട്, അവന്റെ വാക്കുകളിലെ പ്രവാചക തീവ്രത കണ്ട്, അവന്റെ കണ്ണുകളിലെ ജ്വലിക്കുന്ന തിളക്കം കണ്ട് ജനങ്ങൾ പറയാൻ തുടങ്ങി, “ഇവനാണ് ക്രിസ്തു... അല്ലാ, ഇവൻ ഏലിയ ആണ്... ഒരുപക്ഷെ, ഏലിയ പ്രവാചകനേക്കാൾ വലിയ പ്രവാചകൻ...”

ആരാണ് എന്ന് ചോദിക്കുമ്പോൾ ആരല്ല എന്നു പറയുന്നവൻ പഠിപ്പിക്കുന്നത് ജീവിതം കൊണ്ട് ക്രിസ്തുവിന് സാക്ഷ്യം നൽകണം എന്നുതന്നെയാണ്.

സ്നാപകനെ കുറിച്ചുള്ള ജനത്തിന്റെ വിലയിരുത്തൽ സന്ദിഗ്ദാവസ്തയിൽ എത്തിച്ചത് യഹൂദ നേതൃത്വത്തെയാണ്. അങ്കലാപ്പിലായ യഹൂദനേതൃത്വത്തിന് മുമ്പിൽ അവഗണിക്കാനാവാത്ത ശക്തിയായ് സ്നാപകനും അവന്റെ പിന്നിലെ ശിഷ്യഗണനും മാറിയപ്പോൾ, യോഹന്നാനെ കണ്ട് നിജസ്ഥിതി വിലയിരുത്താൻ യഹൂദ നേതൃത്വം ഒരു വിദഗ്ദ്ധ സംഘത്തെ നേരിട്ടയക്കുന്നു. അവർ നടത്തുന്ന അന്വേഷണവും യോഹന്നാൻ നൽകുന്ന മറുപടിയുമാണ് വചനസാരാംശം.

താത്വികലോകത്തിലെ കുലപതിയാണ് “ഡെക്കാർട്ട് (Descartes).” ആധുനീക തത്വശാസ്ത്രത്തിന്റെ പിതാവ് എന്ന പേരിൽ അറിയപ്പെടുന്ന ഇദ്ദേഹത്തിന്റെ അടുത്ത് ന്താണ് തത്വശാസ്ത്രം എന്ന് ചോദിച്ചാൽ ഇദ്ദേഹം പറയുന്ന മറുപടി;

“നീ നിന്നെ തന്നെ അറിയുക... (Know thyself).”

1596 മാർച്ച് 31 ന് ജനിച്ച ഡെക്കാർടിനേക്കാൾ പതിനഞ്ച് നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ തത്വശാസ്ത്രത്തെ ജീവിച്ച് കാണിച്ച വലിയ പ്രവാചകനാണ് സ്നാപകയോഹന്നാൻ. സ്നാപകന് തന്നെ കുറിച്ചുണ്ടായിരുന്ന ഉറച്ച ബോദ്ധ്യത്തിന്റെ പുറത്താണ്, “നീ ആരാണ് എന്നു ചോദിക്കാൻ യഹൂദർ ജറുസലെമിൽനിന്നു പുരോഹിതൻമാരെയും ലേവ്യരെയും അയച്ചപ്പോൾ യോഹന്നാൻെറ സാക്ഷ്യം ഞാൻ ക്രിസ്തുവല്ല. കർത്താവിൻെറ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ. എൻെറ പിന്നാലെ വരുന്ന അവൻെറ (ക്രിസ്തുവിന്റെ) ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല” എന്ന് പ്രസ്താവിച്ചത്.

അവസരങ്ങൾ മുതലാക്കുന്നവർ മാത്രമാണ് ലോകത്ത് വിജയങ്ങൾ കരസ്ഥമാക്കുക. അങ്ങനെയെങ്കിൽ, താൻ ക്രിസ്തുവാണോ എന്ന് ചോദിക്കാൻ വന്നവരുടെ അടുത്ത് ആ അവസരം മുതലെടുത്ത് താൻ ക്രിസ്തുവാണെന്ന് പറഞ്ഞിരുന്നെങ്കിൽ യോഹന്നാനെ കാത്തിരുന്ന സൗഭാഗ്യങ്ങൾ വേറെ

പലതാകുമായിരുന്നു. യോഹന്നാൻ നഷ്ടപ്പെടുത്തിയത് സുവർണാവസരമാണ്. താൻ ക്രിസ്തുവാണെന്നോ, ഏലിയ ആണെന്നോ, അല്ലെങ്കിൽ, ദൈവീക അരുളപാടനുസരിച്ച് മോശയെപ്പോലെയുള്ള പ്രവാചകൻമാരിൽ ഒരുവനെന്നോ വേണമെങ്കിൽ സ്നാപകന് പറയാമായിരുന്നു. പക്ഷെ, ദൗത്യം മറന്ന് ജീവിക്കാൻ സ്നാപകൻ തയ്യാറല്ല.

സ്നാപകനെ മാറ്റി സ്നാപകന്റെ സ്ഥാനത്ത് നമ്മളെ വയ്ക്കുക. എന്തായിരിക്കും എന്റെ പ്രതികരണം? നിങ്ങൾ പ്രതീക്ഷിക്കുന്ന വ്യക്തി ഞാൻ തന്നെയാണ് എന്നതല്ലാതെ വേറെ എന്തെങ്കിലും മറുപടി നമ്മളുടെ അധരങ്ങളിൽ നിന്ന് പുറപ്പെടുമോ? എന്നിട്ട്, ചെയ്ത തെറ്റിനെ ന്യായികരിക്കാൻ നാം ചേർത്ത് വയ്ക്കും, "ഇടിച്ച് ഇടിച്ച് നിന്നാൽ പിടിച്ച് പിടിച്ച് കയറാം" ഇത് സ്നാപകന്റെ ജീവിത ശൈലിയല്ല! ജീവിതത്തെ കുറിച്ചും ദൗത്യത്തെ കുറിച്ചും ഉറച്ച ബോദ്ധ്യം ഉള്ളവനായിരുന്ന സ്നാപക യോഹന്നാന് ഇപ്രകാരം ജീവിക്കുവാൻ സാധിക്കുമായിരുന്നില്ല. ഇന്ന് പലപ്പോഴും ഇത്തരം ബോദ്ധ്യങ്ങൾ, ജീവിതത്തെ കുറിച്ചും ദൗത്യത്തെ കുറിച്ചും, നമ്മുക്ക് നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ ചെയ്ത് തീർക്കേണ്ട ദൗത്യങ്ങൾ പതിവഴിയിൽ ഉപേക്ഷിച്ച് "ഒന്നും ശരിയാകുന്നില്ല..." എന്ന് പറഞ്ഞ് ജീവിച്ച് തീർക്കുകയാണ് നാം പലപ്പോഴും. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഒരദ്ധ്യാപിക പങ്കുവച്ച അനുഭവം വായിക്കാൻ ഇടയായി.

"കർത്താവിൻെറ വഴികൾ നേരെയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ..." സ്നാപകന് തന്റെ ജീവിതത്തെ കുറിച്ച് പറയാനുള്ളതാണിത്. നിനക്ക് നിന്റെ ജീവിതത്തെ കുറിച്ച് ഒറ്റ വാചകത്തിൽ പൂരിപ്പിക്കാമോ?

ഒരു സ്കൂൾ അധ്യാപിക സ്കൂളിൽ നിന്ന് കടലാസുകൾ നോക്കുന്നതിനിടയിൽ തൻറെ ഭർത്താവിൻറെ അടുത്തേയ്ക്ക് ഒരു കടലാസ് കൊണ്ടുചെന്നു.

"ഇതൊന്നു വായിക്കൂ..." ഭാര്യ പറഞ്ഞു.

ഭർത്താവ് വായിച്ചു തുടങ്ങി. ''എന്താവാൻ ആണ് ആഗ്രഹം?'' എന്ന ചോദ്യത്തിനുള്ള ഒരു കുട്ടിയുടെ മറുപടി ആണ് പേപ്പറിൽ.

"എനിക്ക് ഒരു ടിവി ആകണം. മറ്റൊന്നും ആകണ്ട. ഞങ്ങളുടെ വീട്ടിൽ ടിവിയോടാണ് എല്ലാവർക്കും എന്നെക്കാൾ ഇഷ്ടം. ഞാൻ ടിവി ആയാൽ എനിക്ക് വീട്ടിൽ നല്ലൊരു സ്ഥാനം കിട്ടും. എനിക്ക് ചുറ്റും അച്ഛനും അമ്മയും ചേട്ടന്മാരും വന്നിരിക്കും. അവരുടെ കുറെ സമയം എനിക്ക് തരും. ഞാൻ പറയുന്നത് അവർ ശ്രദ്ധയോടെയും ഗൗരവത്തോടെയും കേൾക്കും. എന്നെ അവർ ഒരിക്കലും തടസ്സപ്പെടുത്തില്ല, അവഗണിക്കില്ല. അച്ഛൻ ഓഫീസ് കഴിഞ്ഞ് ക്ഷീണത്തോടെ വരുമ്പോൾ, ഞാൻ എപ്പോഴും ഓടിച്ചെല്ലാറുണ്ട്. അപ്പോൾ അച്ഛൻ എന്നെ തട്ടിമാറ്റി സോഫയിൽ ഇരുന്നു ടിവി കാണും. അപ്പോൾ, അച്ഛനെ ശല്യപ്പെടുത്തണ്ട എന്ന് അമ്മ എന്നോട് ദേഷ്യത്തോടെ പറയും. ടിവി ആയാൽ അച്ഛൻ ആദ്യം എന്നെ തന്നെ നോക്കും! അമ്മയ്ക്ക് എന്തെങ്കിലും വിഷമം വന്നാലും അമ്മ ടിവി കാണാൻ ആണ് പോകാറുള്ളത്. ഞാൻ ടിവി ആയാൽ അമ്മയ്ക്ക് വിഷമം വരുമ്പോൾ എന്നെ കൂട്ട് പിടിക്കും. എന്റെ ചേട്ടന്മാർ എന്റെ കൂടെ കളിക്കാറില്ല. എപ്പോഴും ടിവിയാണ് നോക്കുക. റിമോട്ടിനായി അവർ എപ്പോഴും വഴക്കാണ്. ഞാൻ ടിവി ആയാൽ അവർ എന്നെ കാണാൻ ആകും മത്സരിക്കുക. എല്ലാവരും എനിയ്ക്ക് വേണ്ടി അൽപ സമയം എങ്കിലും ചിലവഴിക്കും. അന്നേരം എന്നെക്കാൾ പ്രധാനമായി അവർക്ക് മറ്റൊന്നും ഉണ്ടാവില്ല. അവരെ സന്തോഷിപ്പിക്കാനും ആശ്വസിപ്പിക്കാനും അപ്പോൾ എനിക്ക് കഴിയുകയും ചെയ്യും! എനിക്ക് മറ്റൊന്നും ആകണ്ട, ടിവി ആയാൽ മതി!"

വായിച്ച് കടലാസ് തിരികെ കൊടുത്ത് ഭാര്യയോട് ആ ഭർത്താവ് ഗൗരവത്തോടെ പറഞ്ഞു:

"നീ ഇത് കാര്യമായി എടുക്കണം. ആ കുട്ടിയുടെ അച്ഛനെയും അമ്മയെയും വിളിച്ച് കാര്യങ്ങൾ വിശദീകരിക്കണം. കുട്ടികൾക്കായി കുറച്ച് സമയം ചിലവഴിക്കാൻ പറ അവരോട്!"

അതിന് മറുപടിയായ് ടീച്ചർ തന്നെ ഉപദേശിച്ച ഭർത്താവിനോട് പറഞ്ഞു;

"അത് തന്നെയാണ് ഞാനും ചെയ്യുന്നത്. നമ്മുടെ മോൻ എഴുതിയതാണിത്!

മലയാളം ടീച്ചർ ഇത് എനിക്ക് തന്നിട്ട് നിങ്ങളോട് പറയാൻ പറഞ്ഞ് വിട്ടതാണിത്. അതുകൊണ്ടാണ് നിങ്ങളെ ഇത് കാണിക്കാൻ കൊണ്ടുവന്നത്!"

നമുക്ക് പ്രിയപ്പെട്ട ഉപകരണങ്ങൾ പലതും വീട്ടിലുണ്ടാകും, ടിവിയോ, ലാപ്ടോപ്പോ, മൊബൈലോ...അങ്ങനെ എന്തെങ്കിലും. പക്ഷെ അതിനേക്കാൾ പ്രാധാന്യം അർഹിക്കുന്ന പലതും കുടുംബത്തിലുണ്ട് എന്ന് തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥയിലേയ്ക്ക് ഇന്ന് നാം മാറ്റപ്പെട്ടിരിക്കുന്നു.

പുതിയ കാലഘട്ടത്തിൽ ഒരു പരിശോധന അനിവാര്യമാണെന്നാണ് ദൗത്യം മറക്കാത്ത സ്നാപകൻ സാക്ഷ്യപ്പെടുത്തുന്നത്. ഇന്ന് എന്റെ ദൗത്യം എന്റെ കുടുംബത്തിൽ എന്താണ്? എന്റെ സമൂഹത്തിൽ എന്താണ്? എന്റെ ഇടവക കൂട്ടായ്മകളിൽ എന്താണ്? ഒരുപാട് ചിന്തിക്കേണ്ട, മനനം ചെയ്യേണ്ട വലിയ ചോദ്യമാണിത്. "എനിക്ക് ശേഷം പ്രളയം അല്ല." കാരണം, "എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ശക്തനാണ്. അതുകൊണ്ട്, എൻെറ പിന്നാലെ വരുന്ന അവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല." ഇതൊരു തിരിച്ചറിവാകണം. കാരണം, മകന്റെ സാമർത്ഥ്യത്തിൽ അസൂയ പൂണ്ട പെരുന്തച്ചൻമാരുടെ നാട്ടിൽ വസിക്കുന്നവരാണ് നാം. തനിക്ക് ഭീഷിണിയാകുന്ന സകലതിന്റേയും മേൽ ഉളിയെറിയാൻ ഒരുപാട് ഉളികൾ വാങ്ങിവച്ചിരിക്കുന്ന പെരുന്തച്ചൻമാരാണ് നാം.

"എനിക്ക് ശേഷം പ്രളയം" എന്നു പറയുന്നവരുടെ മദ്ധ്യേ നിന്ന് "എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ശക്തനാണ്" എന്ന് പറഞ്ഞ് ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ സാധിക്കുമോ?

"എൻെറ പിന്നാലെ വരുന്ന അവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല" (യോഹ 1,27). അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ പോലും താൻ യോഗ്യനല്ല എന്നു പറയുന്ന സ്നാപകന്റെ "ചെറുതാ"കലിന് "വലുതാ"കലിന്റെ ഗന്ധമുണ്ട്. ദൈവത്തെ വളർത്തും തോറും ഞാൻ ചെറുതാകണം എന്നുള്ള ആദ്ധ്യാത്മികത എന്തുമാത്രം പരിമളം സമ്മാനിക്കുന്നവയാണ്. അപരന്റെ കുതികാല് വെട്ടിയാണെങ്കിൽ പോലും എന്നിക്ക് വളരണം എന്നുള്ള ശാഠ്യം പിടിച്ച് നടക്കുന്ന ഇന്നത്തെ ലോകത്തിന് മനസ്സിലാകാത്ത ആദ്ധ്യാത്മികതയാണ് സ്നാപകൻ പങ്കുവച്ചത്. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലവരുടെയും ദാസനും ശുശ്രൂഷകനും ആയിരിക്കണം എന്നു പഠിപ്പിക്കുന്ന ക്രിസ്തുവിന്റെ ആദ്ധ്യാത്മികതയും ഇതു തന്നെയാണ്!

***"ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ ദൂരെയാണ്"***

മർക്കോസ് 6,7

..............................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931